# കേരള കാർഷിക സർവകലാശാല വാർത്തകൾ

## (ജൂൺ 4 -10, 2021)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651
E-mail: ccmannuthy@kau.in, Phone: 0487-2370773)

നമ്പർ. C3/4/2021– 22 തിയ്യതി : 3.06.2021

## ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ

നെല്ലിന്റെ വിരിപ്പു കൃഷിക്കായുള്ള ഞാറ് 4–5 ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്ത് നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി തുടങ്ങിയ രോഗങ്ങൾ ഉണ്ടാവുന്നതിനെ പ്രതിരോധിക്കാം. ഇതിന് ഒരു കി.ഗ്രാം വിത്തിന് 20 ഗ്രാം സ്യൂഡോമോണാസ് കൾച്ചർ എന്ന കണക്കിന് വെള്ളത്തിൽ കലർത്തി ലായനി ഉണ്ടാക്കാം.

പച്ചക്കറികൾ നടാനുള്ള സമയമാണിത്. സെന്റൊന്നിന് 2 1/2 കിലോ കുമ്മായം ഇട്ട് ഒരാഴ്ച്ച കഴിഞ്ഞ് പച്ചിലയും കാലിവളവും ചേർക്കണം. ഉദ്ദേശം മൂന്നാഴ്ച്ച കഴിഞ്ഞ് തൈകൾ നടാം. മഴക്കാലത്ത് ഉയർന്ന വാരങ്ങളിലോ കൂനകളിലോ വേണം വിത്ത് ഇടേണ്ടതും തൈ നടേണ്ടതും. മുളക്, വഴുതന, പച്ചചീര, വെണ്ട തുടങ്ങിയ വിളകൾ വർഷക്കാലത്ത് നടാൻ യോജിച്ചവയാണ്. അടുക്കളത്തോട്ടത്തിൽ ജൈവവളങ്ങൾക്ക് മുൻഗണന നൽകണം. സെന്റിന് 100 കി.ഗ്രാം എന്ന തോതിൽ ജൈവവളം വേണ്ടി വരും. കാലിവളം, കമ്പോസ്റ്റ്, മണ്ണിരക്കമ്പോസ്റ്റ്, എല്ല്പൊടി, പച്ചില, ചാരം, വിവിധതരം പിണ്ണാക്കുകൾ തുടങ്ങിയവ ഉപയോഗിക്കാം. ജൈവവളങ്ങളോടൊപ്പം രാസവളങ്ങളും നൽകാം. സെന്റൊന്നിന് 1 കിലോഗ്രാം യൂറിയ, 1.25 കി.ഗ്രാം മസ്സൂറിഫോസ്, 500 ഗ്രാം പൊട്ടാഷ് ഇവ പല തവണകളായി ചേർത്തുകൊടുക്കാം. നേർവളങ്ങൾക്കു പകരം പച്ചക്കറി വിളകൾക്കായുള്ള മിശ്രിതവും ചേർക്കാം. നൈട്രജൻ വളങ്ങൾ കൂടുതൽ ഉപയോഗിക്കുന്നത് രോഗകീടങ്ങൾക്ക് വഴിയൊരുക്കും.

ഇടവപ്പാതി തുടങ്ങുന്നതോടെ ഉയർന്ന തവാരണകൾ ഉണ്ടാക്കി വിത്തുതേങ്ങകൾ പാകാം. വെള്ളം കെട്ടിനിൽക്കാതിരിക്കാൻ നീർവാർച്ച സൗകര്യം ഉറപ്പുവരുത്തണം. തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ്സാഷെ 2 ഗ്രാം ഒരു പായ്ക്കറ്റിൽ, 3 എണ്ണം ഒരു തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക.

ബാക്ടീരിയ മൂലമുണ്ടാകുന്ന വാട്ടരോഗം മഴക്കാലത്ത് ഇഞ്ചിയിൽ കണ്ടു വരുന്ന പ്രധാന രോഗമാണ്. ചെടികൾ പെട്ടെന്ന് വാടുകയും കടചീയുകയും ചെയ്യുന്നതാണ് ഇതിന്റെ ലക്ഷണം. 'പച്ചവാട്ടം' എന്നറിയപ്പെടുന്ന ഈ രോഗം നിയന്ത്രിക്കുന്നതിനായി ആദ്യം രോഗം ബാധിച്ചവ പിഴുത് മാറ്റിയശേഷം കുമ്മായം സെന്റൊന്നിന് 2.5 കിലോ വീതം ഇടണം. എന്നിട്ട് ഒരാഴ്ച്ച കഴിഞ്ഞ് 1 കിലോ ഗ്രാം സ്യൂഡോമോണാസ് 20 കിലോ ഗ്രാം ഉണങ്ങിയ ചാണകപ്പൊടി അല്ലെങ്കിൽ 20 കിലോ മണലുമായി ചേർത്ത് രോഗം ബാധിച്ച തടങ്ങളിലും അതിനു ശേഷം ചുറ്റുമുള്ള തടങ്ങളിലും ഇട്ട് കൊടുക്കണം.

കുരുമുളകിലെ ദ്രുതവാട്ട രോഗത്തിന് മുൻകരുതലായി ട്രൈക്കോഡർമ്മ ഉപയോഗിക്കാം. ഇതിനായി രണ്ട് കിലോ ട്രൈക്കോഡർമ്മ, 90 കിലോ ചാണക പ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടിക്കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. ഒരു മാസത്തിന് ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ 1 % വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിക്കുക.

കമുകിൻ തൈകൾ ഈ മാസത്തിലും നടാം. നല്ല തൈ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇലകൾ കൂടുതലുള്ളതും അധികം പൊക്കം ഇല്ലാത്തതുമായ തൈകൾ തെരഞ്ഞെടുക്കണം. മംഗള, സുമംഗള, ശ്രീമംഗള, മോഹിത് നഗർ എന്നിവ ഉല്പാദനശേഷി കൂടിയ ഇനങ്ങളാണ്. കുമിൾ രോഗത്തിനെതിരെ 1 % വീര്യമുള്ള ബോർഡോ മിശ്രിതം പശ ചേർത്ത് തളിച്ചു കൊടുക്കണം. തോട്ടത്തിലെ നീർവാർച്ച മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

വാഴകളിൽ കാണപ്പെടുന്ന ഇലപ്പുള്ളി രോഗം നിയന്ത്രിക്കാനായി രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി നശിപ്പിച്ച ശേഷം 1 % വീര്യമുള്ള ബോർഡോ മിശ്രിതം പശ ചേർത്ത് ഇലയുടെ രണ്ട് വശത്തും വീഴത്തക്കവണ്ണം തളിച്ചു കൊടുക്കണം. അല്ലെങ്കിൽ സ്യൂഡോമോണാസ് എന്ന ബാക്ടീരിയ പൊടി 20 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ കലക്കി തളിയ്ക്കുന്നത് ഈ രോഗം വരാതിരിക്കാനും നിയന്ത്രിക്കാനും നല്ലതാണ്.

**അറിയിപ്പ്**

- കോവിഡ് മഹാമാരി കാർഷിക മേഖലയ്ക്കും ആഘാതം സൃഷ്ടിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ കർഷകർക്ക് വിത്തും വളവും അവരുടെ വീട്ട് മുറ്റത്ത് എത്തിക്കാൻ കാർഷിക സർവ്വകലാശാല "വിത്തുവണ്ടി" എന്ന ആശയവുമായി ജനങ്ങളിലേയ്ക്കെത്തുന്നു. കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന കാർഷിക വിജ്ഞാന പ്രദർശനശാലയുടെ പ്രവർത്തനം പുന:ക്രമീകരിച്ചുകൊണ്ടാണ് വിത്തുവണ്ടിയായി കർഷകരി ലേയ്ക്കെത്തുന്നത്. വിവിധയിനം പച്ചക്കറി വിത്തുകൾ, വിവിധതരം വളങ്ങൾ, സ്യൂഡോമോണാസ്, ട്രൈക്കോഡർമ്മ തുടങ്ങിയ ജൈവ നിയന്ത്രണോപാധികൾ, ജൈവകീടനാശിനികൾ എന്നിവ സഞ്ചരിക്കുന്ന വിത്തുവണ്ടിയിൽ നിന്ന് കർഷകർക്ക് വാങ്ങാം. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ മുൻകൂട്ടി അറിയിച്ച് തൃശ്ശൂരിന്റെ വിവിധ പ്രദേശ ങ്ങളിലേയ്ക്ക് വാഹനം എത്തുന്നതായിരിക്കും. തുടർന്നുള്ള ദിവസങ്ങളിൽ ആവശ്യപ്പെടുന്നതിനനുസരിച്ച് അതത് സ്ഥലങ്ങളിലേക്ക് വിത്തുവണ്ടിയുടെ സേവനം എത്തിക്കാൻ ccmannuthy@kau.in എന്ന അഡ്രസ്സിൽ ഇ മെയിൽ അയക്കുക. കോവിഡ് മാനദണ്ഡം പാലിച്ചായിരിക്കും വിൽപന.
- കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, സമൂഹ മാധ്യമങ്ങളിലൂടെ കർഷക രിലേയ്ക്കെത്തുന്നു. വിവിധ വിഷയങ്ങളിലായി സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ നയിക്കുന്ന ഓൺലൈൻ പരിശീലന പരിപാടികൾ ഉണ്ടായി രിക്കുന്നതാണ്. കമ്മ്യൂണിക്കേഷൻസെന്റർ സംഘടിപ്പിക്കുന്ന ഈ പരിപാടി കളിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കായി കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ഫേസ്ബുക്ക് പേജ് സന്ദർശിക്കുക.
- കൃഷിസംബന്ധമായ സംശയനിവാരണങ്ങൾക്കും അന്വേഷണങ്ങൾക്കുമാ യി കമ്മ്യൂണിക്കേഷൻ സെന്ററിൽ "ഹെൽപ്പ് ഡെസ്ക്" ആരംഭിച്ചിരിക്കുന്നു. കൃഷിസംബന്ധമായ സംശയങ്ങൾക്ക് ഹെൽപ്പ് ഡെസ്കുമായി ബന്ധപ്പെടാ വുന്നതാണ്. ഫോൺ നമ്പർ : **9446058252, 8138906435**

ഒപ്പ്/-
**പ്രൊഫസർ & ഹെഡ്**